# 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ടും വിഷയനിർണ്ണയ സമിതി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ടും വിഷയനിർണ്ണയ സമിതി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും

771/2014.

## ഉള്ളടക്കം


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| റിപ്പോർട്ട് | .. | vii |
| വിയോജനക്കുറിപ്പ് | .. | ix |
| സമിതി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ | .. | 1 |

## വിഷയനിർണ്ണയ സമിതി XIV
## (ആഭ്യന്തരകാര്യങ്ങൾ)
## (2013-16)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ഉമ്മൻ ചാണ്ടി,
മുഖ്യമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. രമേശ് ചെന്നിത്തല,
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ
,, റ്റി. എ. അഹമ്മദ് കബീർ
,, കോടിയേരി ബാലകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, സി. ദിവാകരൻ
,, പി. സി. ജോർജ്
,, മാത്യു റ്റി. തോമസ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
,, എം. കെ. സുരേന്ദ്രലാൽ, ജോയിന്റ് സെക്രട്ടറി
ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
,, എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

## 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

### (വിഷയനിർണ്ണയ സമിതി റിപ്പോർട്ട്)

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIV-ന്റെ പരിഗണനയ്ക്കായി അയച്ച 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ (ബിൽ നമ്പർ 21), സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള വിഷയനിർണ്ണയ സമിതി റിപ്പോർട്ടും വിഷയനിർണ്ണയ സമിതി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ 2011 ആഗസ്റ്റ് 9-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2014 ജൂൺ 12-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും ചെയ്തു.

3. 2014 ജൂൺ 17-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

(1) നിയമ പ്രഖ്യാപന വാക്യത്തിൽ “അറുപത്തിരണ്ടാം സംവത്സരത്തിൽ” എന്ന വാക്കുകൾക്ക് പകരം “അറുപത്തിയഞ്ചാം സംവത്സരത്തിൽ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ് :

> ‘‘(1) ഈ ആക്റ്റിന് 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് എന്ന് പേര് പറയാം.”.

(3) 4-ാം ഖണ്ഡത്തിൽ, (1) ഉപഖണ്ഡത്തിലെ “ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്’’ എന്ന വാക്കുകൾക്ക് പകരം ‘‘ഗസറ്റ് വിജ്ഞാപനംവഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

ഉമ്മൻ ചാണ്ടി,
*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി XIV.*

തിരുവനന്തപുരം,
2014 ജൂൺ 17.

771/2014.

## അനുബന്ധം

## വിയോജനക്കുറിപ്പ്

2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ടിന്മേൽ താഴെപ്പറയുന്ന കാരണത്താൽ ഞങ്ങൾ വിയോജനം രേഖപ്പെടുത്തുന്നു.

ഈ ബില്ലിലെ 3-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പുപ്രകാരം ലോക് ആയുക്തയിലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നേരിട്ടുള്ള നിയമനംവഴി നിയമിക്കുന്നതിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള അധികാരം പബ്ലിക് സർവ്വീസ് കമ്മീഷന് നൽകാൻ ഉദ്ദേശിച്ചിരിക്കുന്നു. അക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനുള്ള അധികാരം സമ്പൂർണ്ണമായിരിക്കേണ്ടതാണ്. എന്നാൽ 3-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ പബ്ലിക് സർവ്വീസ് കമ്മീഷനും ലോക് ആയുക്തയും തമ്മിൽ 3-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു സംഗതിയിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുള്ളപക്ഷം അക്കാര്യം സർക്കാരിന്റെ തീരുമാനത്തിന് വിടണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതുവഴി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്ന പ്രക്രിയയിൽ ലോക് ആയുക്തയ്ക്ക് ഇടപെടാൻ അവസരം ഒരുക്കിയിരിക്കുന്നു. ഇത് സെക്ഷൻ 3-ലെ (1)-ാം ഉപവകുപ്പ് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഏൽപ്പിച്ച് നൽകാനുദ്ദേശിക്കുന്ന അധികാരം ഇല്ലായ്മ ചെയ്യുന്നു. ഇക്കാരണത്താൽ ഈ ബില്ലിനോട് വിയോജിക്കുന്നു.

| | |
|---|---|
| കോടിയേരി ബാലകൃഷ്ണൻ, എം. എൽ. എ. | (ഒപ്പ്) |
| മാത്യു റ്റി. തോമസ്, എം. എൽ. എ. | (ഒപ്പ്) |
| സി. ദിവാകരൻ, എം. എൽ. എ. | (ഒപ്പ്) |